# വിളിച്ചവൻ വിശ്വസ്തൻ

## സദൃശവാക്യങ്ങൾ 16:4

**"യഹോവ സകലത്തെയും തന്റെ ഉദ്ദേശത്തിനായി ഉണ്ടാക്കിയിരിക്കുന്നു."**

യഹോവ, സകലത്തിന്റെയും സൃഷ്ടാവും ഉടയവനും ആയവൻ, സ്വർഗ്ഗത്തിലും ഭൂമിയിലും ഉള്ള സകലത്തെയും, സകല ചരാചരങ്ങളെയും മനുഷ്യനെയും അവന്റെ ഉദ്ദേശത്തിനായി അവന്റെ മഹത്വത്തിനായി സൃഷ്ടിച്ചിരിക്കുന്നു. അങ്ങനെയെങ്കിൽ അവന്റെ സൃഷ്ടികളായ നാം ഓരോരുത്തരും അറിഞ്ഞിരിക്കേണ്ട ഒരു പ്രധാന കാര്യം, നാം നമുക്കുവേണ്ടി ജീവിക്കേണ്ടവരല്ല, പിന്നെയോ ഉടയവനുവേണ്ടി ജീവിക്കേണ്ടവരാണ്. നമ്മുടെ ഇഷ്ടമല്ല, അവന്റെ ഇഷ്ടമാണ് നാം ചെയ്യേണ്ടത്. അവന്റെ കരുണയാൽ, കൃപയാൽ വീണ്ടെടുക്കപ്പെട്ടവരായ നാം ഓരോരുത്തരും അവന് നമ്മിലുള്ള ഉദ്ദേശം എന്തെന്ന് മനസ്സിലാക്കണം. അതിനായി നമ്മുടെ ഹൃദയങ്ങളെ സമർപ്പിച്ചു കൊടുക്കുമ്പോൾ ആ ഉദ്ദേശം പടിപടിയായി നമുക്കു വെളിവായി കിട്ടും. എന്നാൽ നമ്മിൽ പലരും നമ്മുടെ ജീവിതയാത്രയുടെ മുൻപിൽ പകച്ചു നിൽക്കുന്നതായി കാണാം. എന്താണിതിന് കാരണം. കനാൻ യാത്രയ്ക്കിടയിൽ പ്രതിബന്ധങ്ങൾ പലതും ഉണ്ടാകാം എന്നും, എന്നാൽ വിളിച്ചവൻ വിശ്വസ്തനാണെന്നും, അവൻ നമ്മെ അക്കരെ നാട്ടിൽ എത്തിക്കാൻ മതിയായവനാണെന്നും വിശ്വസിക്കാത്തതുകൊണ്ടാണ്.

അബ്രഹാമിനോട് ദൈവം പറഞ്ഞത് നിനക്കുള്ള സകലത്തെയും വിട്ട് ഞാൻ നിന്നെ കാണിക്കാനിരിക്കുന്ന ദേശത്തേക്ക് പോക എന്നാണ്. എന്നാൽ അബ്രഹാമിന് ദൈവം ആ ദേശത്തേക്കുള്ള റോഡ് മാപ്പ് ഒന്നും കൊടുത്തില്ല. ആ യാത്രയ്ക്കിടയിൽ എന്തൊക്കെ സംഭവിക്കുമെന്നും അറിയിച്ചില്ല. ഓരോ സമയത്തും ദൈവം അബ്രഹാമിനെ നയിക്കുന്നതായി നമുക്കു കാണാം. അതുപോലെ തന്നെ ജോസഫിന് ദൈവം സ്വപ്നങ്ങളിലൂടെ ദർശനം കൊടുത്തു. എന്നാൽ അവിടെ എത്തിപ്പെടാൻ അനേകം പ്രതിബന്ധങ്ങളെ അവൻ തരണം ചെയ്യേണ്ടതായി വന്നു. പൊട്ടക്കിണറിന്റെ അവസ്ഥയോ, കാരാഗൃഹത്തിന്റെ അവസ്ഥയോ ഒന്നും അവന്റെ സ്വപ്നത്തിൽ ഉണ്ടായിരുന്നില്ല. എന്നാൽ എല്ലാ പ്രതിബന്ധങ്ങളുടെ നടുവിലും ജോസഫ് ദൈവവഴിയിൽ നിന്നും വിട്ടുമാറാതെ ദൈവത്തെ മുറുക്കെപ്പിടിച്ചു. വിളിച്ചവൻ വിശ്വസ്തനെന്ന് എണ്ണി, അതുകൊണ്ട് അവന് നിശ്ചയിച്ചതുപോലെ നിശ്ചയിച്ച സ്ഥാനത്ത് എത്തിച്ചേരാൻ സാധിച്ചു.

നമ്മുടെ ജീവിതത്തിലും ദൈവ ഉദ്ദേശത്തിനായി നമ്മുടെ ജീവിതത്തെ സമർപ്പിച്ചു കൊടുക്കുമ്പോൾ മുമ്പിൽ പ്രതിബന്ധങ്ങളുടെ ഒരു പരമ്പരതന്നെ ഉണ്ടായെന്നിരിക്കാം.

മുന്നിലുള്ള വഴി ഇടുക്കവും കടുന്തൂക്കായ പാറക്കെട്ടുകൾ നിറഞ്ഞതുമായിരിക്കാം. പലപ്പോഴും വഴി അടഞ്ഞിരിക്കുന്ന അവസ്ഥയും ഉണ്ടാകാം. എന്നാൽ അവിടെയെല്ലാം നമ്മുടെ അരുമനാഥൻ നമ്മോടുചൊല്ലും, ഭയപ്പെടേണ്ട മകനേ, മകളേ ഞാൻ നിന്നോടുകൂടയുണ്ട്. പ്രതിബന്ധങ്ങളിൽ തളരാതെ, ശത്രുവിനു മുമ്പിൽ തോൽക്കാതെ, വിളിച്ചവൻ വിശ്വസ്തനാണെന്ന ഉറപ്പോടെ, വിശ്വാസത്തോടെ മുന്നേറിയാൽ പൊട്ടക്കിണറിന്റെ അവസ്ഥയിൽ നിന്നും, കാരാഗൃഹത്തിന്റെ അവസ്ഥയിൽ നിന്നും വിടുവിച്ചു നമ്മളെ എന്തു ഉദ്ദേശത്തിനായി വിളിച്ചിരിക്കുന്നുവോ അവിടെ കൊണ്ടെത്തിക്കുവാൻ നമ്മുടെ കർത്താവ് ശക്തനാണ്. അതിനാൽ അവന് നമ്മിലുള്ള ഉദ്ദേശം സാധിക്കുവാൻ നമ്മെ താഴ്ത്തി സമർപ്പിക്കാം. ഓരോ ദിനവും ആത്മാർത്ഥമായി നമുക്കു പ്രാർത്ഥിക്കാം, ദൈവമേ എന്നിഷ്ടം ഒന്നുമല്ല നിന്റെ ഇഷ്ടം എന്നിൽ പൂർണ്ണമാക്കണമേ എന്ന്. ദൈവനാമം മഹത്വപ്പെടുമാറാകട്ടെ.

പരാമർശം:

സദൃശവാക്യം 3:5,6

പൂർണ്ണഹൃദയത്തോടെ യഹോവയിൽ ആശ്രയിക്ക; സ്വന്ത വിവേകത്തിൽ ഊന്നരുതു. നിന്റെ എല്ലാവഴികളിലും അവനെ നിനെച്ചുകൊൾക; അവൻ നിന്റെ പാതകളെ നേരെയാക്കും.

റോമർ 3:16

അതുകൊണ്ടു ഇച്ഛിക്കുന്നവനാലുമല്ല, ഓടുന്നവനാലുമല്ല, കരുണ തോന്നുന്ന ദൈവത്താലത്രേ സകലവും സാധിക്കുന്നതു.

**സിസ്റ്റർ റീന ഷാജി പള്ളിപ്പാട് 009**